KERALA UNIVERSITY OF HEALTH SCIENCES

THRISSUR – 680 596

PHONE: 0487 – 2207650, 2207664 FAX: 0487 – 2206770

Document 2026/3499/1 - General - File No. 2026/526/1
Approved by Dean Student Affairs on 2026-01-13 15:21:07 Digitally approved document; signature not required.
http://www.kuhs.ac.in
YAUY-wnD-oqFH-JncI

KUHS, Thrissur

No : 526/DSA-A1/KUHS/2026 Date : 13-01-2026

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റുഡൻറ്സ് യൂണിയൻ ജനറൽ കൗൺസിലിൽ – 2025–26 നിന്നും, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ സെനറ്റ്, അക്കാഡമിക് കൗൺസിൽ എന്നിവയിൽ അംഗമല്ലാത്ത 7 അംഗങ്ങളെ **കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡൻറ്സ് കൗൺസിലിലേക്ക്,** 2010 ലെ ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമത്തിലെ അദ്ധ്യായം IV, വകുപ്പ് 38, ഉപവകുപ്പ് 2(b)(i) പ്രകാരവും സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട്, പാർട്ട് സി, ലിൻഡോ കമ്മിറ്റി നിർദ്ദേശങ്ങൾ അനുസരിച്ചും രഹസ്യ ബാലറ്റ് മുഖേന തിരഞ്ഞെടുപ്പ് നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

12–01–2026 ൽ പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ (Final Electoral Roll) ഉൾപ്പെട്ട അംഗങ്ങൾക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ പ്രസ്തുത അംഗത്വം തിരഞ്ഞെടുപ്പ് തിയതിക്ക് മുൻപ് നഷ്ടപ്പെടുന്നവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാതായി തീരുന്നതാണ്.

വോട്ടർ പട്ടിക യൂണിവേഴ്സിറ്റിയുടെ നോട്ടീസ്ബോർഡിലും പരിശോധിക്കാവുന്നതാണ് . വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള നാമനിർദ്ദേശ പത്രിക ഫോറവും നിർദേശങ്ങളും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് ആയ www.kuhs.ac.in ൽ നിന്നും ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത്. നിർദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന നാമനിർദേശ പത്രികകൾ നിരസിക്കുന്നതാണ് . നാമനിർദേശ പത്രികകൾ **19-01-2026, 3.00 PM** ന മുൻപായി റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയത്തില് പ്രത്യേകമായി സജ്ജമാക്കിയ പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്. നാമനിർദേശ പത്രിക അടങ്ങിയ കവറിന് പുറത്ത് **"കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡൻറ്സ് യൂണിയൻ – 2025–26 ജനറൽ കൗൺസിലിൽ നിന്നും, സ്റ്റുഡന്റസ് കൗൺസിലിലെക്കുള്ള തിരഞ്ഞെടുപ്പ്"** എന്നും, **മത്സരിക്കുന്ന തസ്തികയുടെ പേരും** രേഖപ്പെടുത്തേണ്ടതാണ്.

സ്ഥാനാർത്ഥിക്കും സ്ഥാനാർഥി നിർദിഷ്ട അപേക്ഷഫോമിൽ ചുമതലപ്പെടുത്തിയ , വോട്ടർ പട്ടികയിൽ ഉള്ള ഒരു പ്രതിനിധിക്കും വരണാധികാരിയുടെ അംഗീകാരത്തോടു കൂടി നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

## <u>തിരഞ്ഞെടുപ്പ് കാര്യ പരിപാടി</u>

| | | |
|---|---|---|
| 1 | നാമ നിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ട അവസാന തിയതിയും സമയവും | 19-01-2026, 3.00 PM വരെ |
| 2 | നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന തിയതിയും സമയവും | 19-01-2026, 3.45 PM |
| 3 | സാധുവായ നാമ നിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി | 20-01-2026, 10.30 AM |
| 4 | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തിയതിയും സമയവും | 20-01-2026, 3.00 PM വരെ |
| 5 | മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി | 20-01-2026, 4.00 PM |
| 6 | തിരഞ്ഞെടുപ്പ് തിയതിയും സമയവും സ്ഥലവും | 24-01-2026, 10.30 A.M മുതൽ 1.30 P.M വരെ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആസ്ഥാനത്തെ ഇവാല്യവേഷൻ സെന്റർ,മുളങ്കുന്നത്തുകാവ്,തൃശ്ശൂർ,പിൻ.680596 |
| 7 | വോട്ടെണ്ണൽ നടത്തുന്ന തിയതിയും സമയവും | 24-01-2026, 2.30 PM മുതൽ |
| 8 | ഫല പ്രഖ്യാപനം നടത്തുന്ന തിയതി | 24-01-2026 (വോട്ടെണ്ണൽ കഴിഞ്ഞാലുടൻ) |

ഡീൻ സ്റ്റുഡൻറ് അഫയേഴ്സ് & റിട്ടേണിംഗ് ഓഫീസർ

ഉള്ളടക്കം:- നാമനിർദ്ദേശ പത്രിക, നിർദ്ദേശങ്ങൾ, നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അപേക്ഷ.

Document 2026/3499/1 - General - File No. 2026/526/1 Digitally approved document; signature not required.
Approved by Dean Student Affairs on 2026-01-13 15:21:07
http://www.kuhs.ac.in
YAUY-wnD-oqFH-JncI
KUHS, Thrissur